"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും ചെങ്ങന്നൂർ നഗരസഭയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയുടെ പാക്കേജ് -3 പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് - പ്രാദേശിക വിപണി നിരക്കിനേക്കാൾ അധികരിച്ച തുകയായ 95,14,78,947.86/- രൂപയ്ക്ക് അംഗീകരിക്കുന്നത് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.36/2024/WRD തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
2. സ.ഉ (സാധാ) നം. 21/2019/ജ.വി.വ തീയതി 08.01.2019.
3. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.09.2019 തീയതിയിലെ WRD025-24-PA-01 നമ്പർ നടപടിക്രമം.
4. സ.ഉ (സാധാ) നം. 690/2023/ജ.വി.വ തീയതി 02.08.2023.
5. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 12.03.2024 തീയതിയിലെ KWA-JB/4701/2023-AE9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും ചെങ്ങന്നൂർ നഗരസഭയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതിയും, കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം 199.13 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ DsoR നിരക്ക് പുതുക്കിയിട്ടുള്ളതിനാലും, GST വർദ്ധനവ് കാരണവും, LSGD റോഡുകൾക്കുള്ള റോഡ് പുനരുദ്ധാരണം ഉൾപ്പെടുത്തിയതിനാലും പ്രസ്തുത പദ്ധതിയ്ക്ക് പരാമർശം (4) പ്രകാരം 217.221 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. ആയതിലേയ്ക്കുള്ള ഫണ്ടിംഗ് അനുമതി കിഫ്ബിയുടെ പരിഗണനയിലാണ്. പറചന്തയിൽ 10LL OHSR, കളരിത്തറയിൽ 6.5LL OHSR, 2LL Sump, CWPM, 162.966 കിലോമീറ്റർ വിതരണ ശൃംഘല, ആയതിന്റെ റോഡ് പുനരുദ്ധാരണ നിരക്ക് എന്നിവ അടങ്ങിയതാണ് പ്രസ്തുത പാക്കേജ്- 3 പ്രവൃത്തി. പ്രസ്തുത പ്രവൃത്തിയ്ക്ക് 31.10.2022 തീയതിയിൽ 87.73 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

2. പ്രസ്തുത പ്രവൃത്തിയ്ക്ക് ക്ഷണിച്ച ആദ്യ മൂന്നു ദർഘാസുകളിലും ആരും പങ്കെടുക്കാത്തതിനാൽ ആയവ റദ്ദാക്കുകയാണുണ്ടായത്. തുടർന്നുള്ള ദർഘാസിൽ M/s. Chicago Constructions International Pvt. Ltd- ന്റെ ദർഘാസ് മാത്രമാണ് ലഭിച്ചതെന്നും, പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 95,14,78,947.86/- രൂപ ദർഘാസ് തുകയേക്കാൾ 27.98% കൂടുതലായിരുന്നതായും പരാമർശം (5) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

3. പരാമർശം (1)- ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയായ DDoR + 10% ആയ 81,18,70,254.43/- രൂപയ്ക്ക് മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ. തുടർന്ന് കരാറുകാരനുമായി negotiation നടത്തിയെങ്കിലും ഉദ്ധരിച്ച നിരക്കിനേക്കാൾ കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിക്കുകയാണുണ്ടായത്.

4. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് റോഡ് പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, ഈ പാക്കേജിലെ എല്ലാ ഘടകങ്ങളും പാക്കേജ്- 1 ൽ പൂർത്തിയായ നികിരുപുറത്തെ 35MLD ജലശുദ്ധീകരണ ശാലയുടെ തൃപ്തികരമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. കളരിത്തറ O H S R സൈറ്റിലെ വെല്ലുവിളി നിറഞ്ഞ ഭൂപ്രദേശം, തട്ടുകളായുള്ള ഭൂപ്രദേശം ഗതാഗത ചെലവുകളെ ബാധിക്കും, D I പൈപ്പുകൾക്കും സ്പെഷ്യലുകൾക്കുമുള്ള മാർക്കറ്റ് നിരക്കിലെ വ്യതിയാനം എന്നിവയാണ് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനുള്ള കാരണങ്ങളായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. മാത്രമല്ല നാലാമത്തെ ദർഘാസിലും single offer ആണ് ലഭിച്ചിട്ടുള്ളത് എന്നതിനാൽ ഇനിയും കൂടുതൽ ഓഫറുകൾക്ക് വിദൂര സാധ്യതയാണുള്ളതെന്നും അറിയിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . നാലു പ്രാവശ്യമാണ് ഈ അടിയന്തിര പ്രവൃത്തി ടെണ്ടർ ചെയ്തത്. 2019-ൽ ഭരണാനുമതി നൽകിയെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ച് ആറു പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും കുടിവെള്ളം നൽകാൻ കഴിഞ്ഞിട്ടില്ല. ഇനിയും കാലതാമസം ഉണ്ടാകുന്നത് കൂടുതൽ ചെലവ് ഉണ്ടാകുന്നതിനേ കാരണമാകൂ. DSoR 2018 പിന്തുടരുന്ന PRICE എസ്റ്റിമേറ്റിൽ നിന്നും ആഗോള പ്രശ്നങ്ങൾ മൂലം പൈപ്പുകളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ ക്വാട്ട് ചെയ്ത തുക, പ്രാദേശിക വിപണി നിരക്കിലേക്കാൾ 11 ശതമാനം മാത്രമാണ് കൂടുതലായിട്ടുള്ളത്.

6. മേൽ സാഹചര്യത്തിൽ, ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും ചെങ്ങന്നൂർ നഗരസഭയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയുടെ പാക്കേജ് - 3 പ്രവൃത്തിയ്ക്ക് ലഭിച്ച single bidder ആയ M/s. Chicago Constructions International Pvt. Ltd ക്വോട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 27.98 % ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 17.19% അധികരിച്ച തുകയായ 95,14,78,947.86/- രൂപയ്ക്ക് (തൊണ്ണൂറ്റിയഞ്ച് കോടി പതിനാല് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി നാല്പത്തിയേഴ് രൂപ എൺപത്തിയാറ് പൈസ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (05.06.2024 തിയതിയിലെ ഇനം. 2198 പ്രകാരം).
4. ധനകാര്യ വകുപ്പ് (ഫയൽ നം. Infra-2/08/2023/Fin).

5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 11-06-2024 11:32:23
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2024

ഫയൽ നം. ബി1/71/2024/ജ.വി.വ. ഇനം നം: 2198

വിഷയം : ജലവിഭവ വകുപ്പ് - ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും ചെങ്ങന്നൂർ നഗരസഭയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയുടെ പാക്കേജ് - 3 പ്രവൃത്തിയ്ക്ക് ലഭിച്ച single bidder ആയ M/s. Chicago Constructions International Pvt. Ltd. ക്വോട്ട് ചെയ്ത ദർഘാസ് Tendered PAC-യേക്കാൾ 27.98%-ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 17.19%-ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 11.57%-ഉം അധികരിച്ച തുകയായ 95,14,78,947.86/- രൂപയ്ക്ക് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

put up draft GO

5/6/2024

JS (B)

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

2198

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/71/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും ചെങ്ങന്നൂർ നഗരസഭയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയുടെ പാക്കേജ്- 3 പ്രവൃത്തിയ്ക്ക് ലഭിച്ച single bidder ആയ M/s. Chicago Constructions International Pvt. Ltd ക്വോട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 27.98% ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 17.19% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 11.57% ഉം അധികരിച്ച തുകയായ 95,14,78,947.86/-രൂപയ്ക്ക് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17/05/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജി കുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അശോക് കുമാർ സിങ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.05.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ: വേണു. വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 31.05.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 31.05.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 01.06.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും ചെങ്ങന്നൂർ നഗരസഭയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയുടെ പാക്കേജ്- 3 പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് Tendered PAC യേക്കാൾ 27.98 % ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 17.19% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 11.57 % ഉം അധികരിച്ച തുകയായ 95,14,78,947.86/- രൂപയ്ക്ക് M/s. Chicago Constructions International Pvt. Ltd- ന് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. "KIIFB Project: Tranche 14: WRDO025- 24 - WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality" എന്ന പദ്ധതി കിഫ്ബി മുഖേന 200 കോടി രൂപയുടെ (ഇരുന്നൂറ് കോടി രൂപ) ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 08.01.2019 തീയതിയിലെ G.O (Rt) നമ്പർ 21/2019/WRD പ്രകാരം തത്വത്തിൽ ഭരണാനുമതി നല്കുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി 07.09.2019 തീയതിയിലെ WRD025-24-PA-01 ഉത്തരവ് പ്രകാരം 199.13 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. DsoR നിരക്ക് പുതുക്കൽ, GST വർദ്ധനവ്, LSGD റോഡുകൾക്കുള്ള റോഡ് പുനരുദ്ധാരണം ഉൾപ്പെടുത്തൽ തുടങ്ങിയവ കാരണം പ്രസ്തുത പദ്ധതിയ്ക്ക് 02.08.2023 തീയതിയിലെ GO (Rt) No. 690/2023/WRD ഉത്തരവ് പ്രകാരം 217.221 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. ആയതിലേയ്ക്കുള്ള ഫണ്ടിംഗ് അനുമതി കിഫ്ബിയുടെ പരിഗണനയിലാണ്. പറചന്തയിൽ 10LL OHSR (2 എണ്ണം),

കളരിത്തറയിൽ 6.5LL OHSR, 2LL Sump, CWPM, 162.966 കിലോമീറ്റർ വിതരണ ശൃംഘല, ആയതിന്റെ റോഡ് പുനരുദ്ധാരണ നിരക്ക് എന്നിവ അടങ്ങിയതാണ് പ്രസ്തുത പാക്കേജ്- 3 പ്രവൃത്തി. പ്രസ്തുത പാക്കേജിന് 31.10.2022 തീയതിയിൽ 87.73 കോടി രൂപയുടെ സാങ്കേതിക അനുമതി ചീഫ് എഞ്ചിനീയർ (CR) നൽകിയിട്ടുണ്ട്.

3. പ്രസ്തുത പാക്കേജിന് ആലപ്പുഴ പി.എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ദർഘാസ് ക്ഷണിക്കുകയും, ദർഘാസിൽ ആരും പങ്കെടുക്കാത്തിനാൽ ആയത് റദ്ദാക്കുകയും ചെയ്തു. ദർഘാസിൽ ആരും പങ്കെടുക്കാത്ത കാരണത്താൽ തുടർന്നുള്ള രണ്ടും മൂന്നും ദർഘാസുകളും റദ്ദാക്കുകയാണുണ്ടായത്. തുടർന്നുള്ള നാലാമത് ദർഘാസിൽ M/s. Chicago Constructions International Pvt. Ltd- ന്റെ ദർഘാസ് മാത്രമാണ് ലഭിച്ചത്. 22.08.2023 തീയതിയിൽ ചേർന്ന ടെണ്ടർ കമ്മിറ്റി M/s. Chicago Constructions International Pvt. Ltd- നെ പ്രീ-ക്വാളിഫൈ ചെയ്യുകയും 11.09.2023 തീയതിയിൽ പ്രസ്തുത ദർഘാസ് തുറക്കുകയും ചെയ്തു.

4. Single bidder ആയ M/s. Chicago Constructions International Pvt. Ltd -ന്റെ Quoted തുകയായ Rs.95,14,78,947.86/- രൂപ, tendered PAC ആയ Rs.74,34,48,640/- രൂപയെക്കാൾ 27.98% അധികമായിരുന്നു. 06.10.2023 തീയതിയിൽ ചേർന്ന ടെണ്ടർ കമ്മിറ്റി താഴെ പറയും പ്രകാരം വിലയിരുത്തുകയുണ്ടായി.

Tendered PAC - Rs. 74,34,48,640/-

Quoted Amount - Rs. 95,14,78,947.86 (27.98% above TPAC)

Current SoR+10%- Rs. 81,18,70,254.43 (From PRICE)

Local Market Rate -Rs. 85,27,88,370.55 (14.71% above TPAC)

Comparison Statement

| Quoted Amount - Rs. 95,14,78,947.86/- | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 74,34,48,640/- | 27.98 % Above |
| Current SoR (2018)+10% amount | Rs.81,18,70,254.43/- (From PRICE) | 17.19 % Above |
| Local Market Rate (LMR) | Rs.85,27,88,370.55/- | 11.57 % Above |

5. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയായ current SoR +10% ആയ 81,18,70,254.43/- രൂപയ്ക്ക് മാത്രമേ അനുവദിക്കാനാകൂ. ആയതിനാൽ പ്രസ്തുത പ്രവൃത്തി Single bidder ആയ M/s. Chicago Constructions International Pvt. Ltd ന് Current SoR (2018)+10% amount ആയ 81,18,70,254.43/- രൂപയ്ക്ക് അനുവദിക്കാൻ ടെണ്ടർ കമ്മിറ്റി തീരുമാനിച്ചു. കേരള വാട്ടർ അതോറിറ്റി PRICE വഴി bidder-മായി negotiation നടത്തിയെങ്കിലും നിരക്ക് കുറയ്ക്കാൻ തയ്യാറല്ലെന്ന് അറിയിച്ചു.

6. ഈ പാക്കേജിൽ SPV വഴിയാണ് റോഡുകളുടെ പുനരുദ്ധാരണം നടത്തേണ്ടതെന്നും റോഡ് പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് MoRTH/MORD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഈ പാക്കേജിലെ എല്ലാ ഘടകങ്ങളും പാക്കേജ്- **1** ൽ പൂർത്തിയായ നികിരുപുറത്തെ 35MLD ജലശുദ്ധീകരണശാലയുടെ

തൃപ്തികരമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തത് താഴെ പറയുന്ന കാരണങ്ങൾ മൂലമാണെന്നാണ് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

1. **<u>കളരിത്തറ OHSR സൈറ്റിലെ വെല്ലുവിളി നിറഞ്ഞ ഭൂപ്രദേശം</u>**

കളരിത്തറ ഒ.എച്ച്.എസ്.ആർ സൈറ്റ് സ്ഥിതി ചെയ്യുന്നത് ഉയർന്നതും തട്ടുകളായുള്ളതുമായ ഭൂപ്രദേശത്താണ്. OHSR സൈറ്റിലേക്ക് നയിക്കുന്ന ഇടുങ്ങിയ റോഡ് ലോജിസ്റ്റിക് വെല്ലുവിളികൾ ഉയർത്തുന്നതും, ആയത് സൈറ്റിലേക്കുള്ള മെറ്റീരിയൽ ഗതാഗതം ദുർഘടമായ പ്രക്രിയയാക്കുന്നു. ബുദ്ധിമുട്ടുള്ള ഭൂപ്രദേശം മെറ്റീരിയൽ വിതരണത്തിന്റെ കാര്യക്ഷമതയെയും ചെലവ് ഫലപ്രാപ്തിയെയും സാരമായി ബാധിക്കുന്നു.

2. **<u>തട്ടുകളായുള്ള ഭൂപ്രദേശം ഗതാഗത ചെലവുകളെ ബാധിക്കുന്നു</u>**

പ്രസ്തുത പ്രവൃത്തിയ്ക്കുള്ള ഭൂമിയുടെ തട്ടുകളായുള്ള സ്വഭാവം, മെറ്റീരിയലുകളുടെ കൈമാറ്റത്തിന് കഠിനമായ പരിശ്രമവും അധിക വിഭവങ്ങളും അനിവാര്യമാക്കുന്നു.

3. **<u>DI പൈപ്പുകൾക്കും സ്പെഷ്യലുകൾക്കുമുള്ള മാർക്കറ്റ് നിരക്ക് വ്യതിയാനം</u>**

ഈ പാക്കേജിന് ആവശ്യമായ ഘടകമായ DI പൈപ്പുകളുടെയും സ്പെഷ്യലുകളുടെയും നിലവിലെ മാർക്കറ്റ് നിരക്ക് PRICE എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിരക്കിനേക്കാൾ കൂടുതലാണ്. മാർക്കറ്റ് നിരക്കിലെ വർദ്ധനവ് മൊത്തത്തിലുള്ള പദ്ധതിച്ചെലവിനെ നേരിട്ട് ബാധിക്കുന്നു.

**4. നാലാമതായുള്ള ദർഘാസും മത്സരാധിഷ്ഠിത പരിസ്ഥിതിയും**

നാലാമത്തെ ദർഘാസിലും single offer ആണ് ലഭിച്ചിട്ടുള്ളത് എന്നത് ഇനിയും കൂടുതൽ ഓഫറുകൾക്ക് വിദൂര സാധ്യതയാണുള്ളതെന്ന് സൂചിപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ ലഭിച്ചിട്ടുള്ള ഓഫർ പരിഗണിച്ച് ഈ ടെൻഡർ അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു.

7. 06/02/2017 തീയതിയിലെ സ.ഉ (പി) നം. 16/2017/ധന ഉത്തരവിൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

*"The maximum admissible tender excess shall be limited either to quoted rate of the lowest bidder or Local Market Rate or current DSoR plus 10% tolerance limit whichever is less. In case quoted rate of the lowest bidder is above the current DSoR plus 10% tolerance limit, the tender inviting authority themselves shall re-tender the work without referring the case to higher authorities".*

8. 24.08.2015-ലെ G.O (P) നമ്പർ 375/15/Fin പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at*

*Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals".*

9. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു:

*"As per clause 7.2.5 of KIIFB guidelines (G.O (Ms) No.69/2018/Fin Dated 24-02-2018), Tenders beyond justifiable market rate shall not be accepted. In exceptional circumstances if the tenders are to be accepted at a higher amount than the justifiable market rate the same shall be done with the approval of the Council of Ministers only"*

10. ഫയൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു. മന്ത്രി താഴെ പറയും പ്രകാരം നിരീക്ഷിക്കുകയുണ്ടായി.

*"നാല്പ പ്രാവശ്യമാണ് ഈ അടിയന്തിര പ്രവൃത്തി ടെണ്ടർ ചെയ്തത്. 2019-ൽ ഭരണാനുമതി നൽകിയെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ച് ആറു പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും കടിവെള്ളം നൽകാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വളരെ പ്രധാനപ്പെട്ട നാല്പ കാര്യങ്ങൾ ടെണ്ടർ നിരക്ക് ഉയരാനുള്ള സാഹചര്യത്തിലേക്ക് നയിച്ചിട്ടുമുണ്ട്. ഇനിയും കാലതാമസം ഉണ്ടാകുന്നത് കൂടുതൽ ചെലവ് ഉണ്ടാകുന്നതിനേ കാരണമാകു. ഡി.എസ്.ആർ 2018 പിന്തുടരുന്ന PRICE എസ്റ്റിമേറ്റിൽ നിന്നും ആഗോള പ്രശ്നങ്ങൾ മൂലം പൈപ്പുകളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ എൽ.എം.ആറിനെക്കാൾ 11 ശതമാനം മാത്രമേ*

*കൂട്ടുന്നുള്ളു. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലും കുടിവെള്ളം സമയബന്ധിതമായി ലഭ്യമാക്കേണ്ടതുണ്ട് എന്നതിനാലും ഇക്കാര്യം ക്യാബിനറ്റിന്റെ അംഗീകാരത്തിന് അയയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായാലും "*

11. ഫയൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും ചെങ്ങന്നൂർ നഗരസഭയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയുടെ പാക്കേജ് - 3 പ്രവൃത്തിയ്ക്ക് ലഭിച്ച single bidder ആയ M/s. Chicago Constructions International Pvt. Ltd ക്വോട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 27.98 % ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 17.19% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 11.57 % ഉം അധികരിച്ച തുകയായ 95,14,78,947.86/- രൂപയ്ക്ക് അനുവദിയ്ക്കാമോ.